**<u>തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ</u>**
**<u>ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (എ &റ്റി ) ൻ്റെ നടപടിക്രമം .</u>**

വിഷയം:- ആ വ ഡ - ജീവനക്കാര്യം -ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം പരിഷ്കരിച്ച് ഉത്തരവാകുന്നു .

പരാമർശം:- 1.12.09.2024 ലെ ഇതേ നമ്പർ ഉത്തരവ്
2.ഉത്തരവ്നം.ഇ.എസ്3-6081/2022ആ.വ.ഡതീയതി:11.03.2024

**<u>ഉത്തരവ് നം : DHS/11771/2023-EE4 തിയതി : 24-09-2024</u>**

ആരോഗ്യവകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചുനൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

Annexure II സ്ഥാനക്കയറ്റപട്ടികയിൽ റാങ്ക് നമ്പർ 204,റാങ്ക് നമ്പർ 212 ശ്രീ .വിവേക് .കെ ,ശ്രീമതി .ശ്രുതി എൻ വി എന്നിവർക്ക് മറ്റ് ജോലി ലഭിച്ച് ആരോഗ്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാലും ,റാങ്ക് നമ്പർ 200 ,ശ്രീമതി .ജിൽബി ജോസഫ് ശൂന്യവേതനാവധിയിൽ തുടരുന്നതിനാലും പ്രസ്തുത ജീവനക്കാരെ പരാമർശ പ്രകാരമുള്ള സ്ഥാനക്കയറ്റ ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു .

റാങ്ക് നമ്പർ 193 സുരാജി പി രാധാകൃഷ്ണൻ നെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് താഴ്ത്തി 535 A ആയി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു .അതിനാൽ ടിയാളെയും പ്രൊമോഷൻ ഉത്തരവിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു .

റാങ്ക് നമ്പർ 219 ശ്രീമതി.സബ്ന .പി നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം പ്രാഥമികാരോഗ്യകേന്ദ്രം തേൻകര പാലക്കാട് എന്നതിന് പകരം താലൂക്ക് ആസ്ഥാന ആശുപത്രി ആലത്തൂർ ,പാലക്കാട് എന്ന് തിരുത്തി ഉത്തരവാകുന്നു .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ് .

പരാമർശം 1 ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

Signed by
Jayasree V
Date: 24-09-2024 07:18:09
അഡിഷണൽ ഡയറക്ടർ(A&T)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് : ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ
ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
സ്ഥാപന മേധാവികൾ